“മരക്കൊമ്പിലിരിക്കും കിളി പത്തിനെക്കൾ
കൈയിലിരിക്കും ഒന്നുതാനുത്തമം.”

കൈയിലിരിക്കുന്നതിനെ വിട്ട് പറക്കുന്നതിൻെറ പിന്നാലെ പോവുക എന്ന് നാം കേട്ടിട്ടുണ്ടല്ലോ. വിഷയം അതിമോഹമാണ്; അവിവേകവും. ഇത് പലർക്കും പറ്റുന്ന അബദ്ധം കൂടിയാണ്. ഈ അബദ്ധത്തിന് പലപ്പോഴും സൂക്ഷ്മതക്കുറവും ചിലപ്പോൾ അത്യാഗ്രഹവും കൂട്ടിനുണ്ടാകും. അതാണ് അവിവേകം എന്നു പറഞ്ഞത്.

കിട്ടിയതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുക എന്നത് വലിയ ത്യാഗമാണിന്ന്. ജീവിതത്തെ സംബന്ധിച്ച കാഴ്ചപ്പാട് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. പക്ഷേ, സൂക്ഷ്മത നിലനിർത്താനും സാമ്പത്തികമായ അച്ചടക്കവും സംസ്കാരവും കാത്തുസൂക്ഷിക്കുവാനും കിട്ടിയതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുക തന്നെ വേണം.

കൂടുതൽ ആഗ്രഹിക്കുകയും വരുമാനത്തിനതീതമായി ചെലവഴിക്കുകയും ചെയ്യുമ്പോഴാണ് കടം വാങ്ങുന്നതിലേക്ക് നീങ്ങുന്നത്. അതാകട്ടെ, അക്ഷന്തവ്യമായ പര്യവസാനവുമാണ്.

അനന്തമായ ആഗ്രഹം നല്ലതല്ല. മനുഷ്യന് സ്വർണത്തിൻെറ ഒരു മല ലഭിച്ചാൽ രണ്ടാമതും മൂന്നാമതും കൂടി കിട്ടണമെന്ന് അവൻ ആഗ്രഹിക്കും. അവൻെറ വായിൽ മണ്ണ് നിറയുവോളം (മരിക്കുവോളം) അവൻെറ ആഗ്രഹം തീരുകയില്ല എന്ന് പ്രവാചകൻ മുഹമ്മദ്(സ) പറയുകയുണ്ടായി.

കിട്ടിയതുകൊണ്ട് തൃപ്തിപ്പെടുകയും അതിൻെറ പേരിൽ ദൈവത്തെ സ്തുതിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവൻ നമ്മെ സ്നേഹിക്കും. കൂടുതൽ തരികയും ചെയ്യും. ജനങ്ങളുടെ കൈയിലുള്ളത് ആഗ്രഹിക്കാതിരിക്കുക. ജനം നമ്മെ സ്നേഹിക്കും.

കിട്ടിയതുകൊണ്ട് ജീവിതം പുലർത്തുന്ന ഒരു ഉന്നത രീതിയും സംസ്കാരവും നാം ആർജിക്കണം. ആദ്യത്തിൽ അല്പം പ്രയാസപ്പെട്ടാലും പിന്നീടത് നല്ലതായി തോന്നും. പിന്നെ ദുഃഖിക്കേണ്ടിവരില്ല. അതിരില്ലാത്ത ആഗ്രഹവും അതിനുള്ള നെട്ടോട്ടവും നമ്മെ ഉള്ളതും നഷ്ടപ്പെട്ടവരാക്കും. കിട്ടിയത് ആസ്വദിക്കുന്നതിൽനിന്ന് അത് നമ്മെ തടയുകയും ചെയ്യും.

jthrees@hotmail.com